# Malayala Manorama
# 24 August 2018
# New Dehil; flood

### കേസ് റദ്ദാക്കാൻ ആവശ്യപ്പെട്ട പ്രതിയോട് കോടതി

# കേരളത്തെ സഹായിച്ചു വരൂ

■ ഡൽഹി ഹൈക്കോടതി ജഡ്ജിമാരും ദുരിതാശ്വാസത്തിനു പണം നൽകും

**റൂബിൻ ജോസഫ്**

ന്യൂഡൽഹി • ലൈംഗികാതിക്രമ ക്കേസ് റദ്ദാക്കണമെന്ന ആവശ്യവുമായി ഡൽഹി ഹൈക്കോടതിയിലെത്തിയ യുവാവിനോട് കോടതിച്ചെലവിനത്തിൽ 15,000 രൂപ കേരളത്തിന്റെ ദുരിതാശ്വാസ നിധിയിലേക്കു നൽകാൻ ജസ്റ്റിസ് സഞ്ജീവ് സച്ച്ദേവ ഉത്തരവിട്ടു. ഇതിന്റെ രസീത് പൊലീസ് സ്റ്റേഷനിൽ സമർപ്പിച്ചാൽ എഫ്ഐആർ റദ്ദാക്കാമെന്നും കോടതി വ്യക്തമാക്കി.

കേസ് ഒത്തുതീർപ്പായ സാഹചര്യത്തിൽ നടപടികൾ അവസാനിപ്പിക്കണമെന്നായിരുന്നു ഹർജിക്കാരന്റെ ആവശ്യം. കേരളത്തിന്റെ ദുരിതാശ്വാസ നിധിയിലേക്കു സംഭാവന നൽകാൻ ഡൽഹി ഹൈക്കോടതി നേരത്തേ തീരുമാനിച്ചിരുന്നു.

ചീഫ് ജസ്റ്റിസ് രാജേന്ദ്ര മേനോനും മറ്റു ജഡ്ജിമാരും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കു സംഭാവന ചെയ്യും. തുക എത്രയെന്നു നിർദേശിച്ചിട്ടില്ല.

നേരത്തേ സുപ്രീം കോടതി ചീഫ് ജസ്റ്റിസ് അടക്കമുള്ള ജഡ്ജിമാർ 25,000 രൂപ വീതം നിധിയിലേക്കു സംഭാവന ചെയ്യാൻ തീരുമാനിച്ചിരുന്നു.